II ഇ.ബി. XIV-കേരള നിയമസഭ/I-5

# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ജൂലൈ 12, ചൊവ്വ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

15 (*121) **സംസ്ഥാനം പച്ചക്കറികൃഷിയിൽ കൈവരിച്ച നേട്ടങ്ങൾ**

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഊർജ്ജിത പച്ചക്കറി ഉല്പാദനത്തിനുള്ള പദ്ധതികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി സ്കൂളുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലെ കൃഷിയും മട്ടുപ്പാവ് കൃഷിയും വ്യാപകമാക്കുകയും ആധുനിക കൃഷി രീതിയായ പ്രിസിഷൻ ഫാമിംങ്, പോളിഹൗസ് ഫാമിംഗ്, മഴമറകൃഷി എന്നിവ ആരംഭിക്കുകയും ചെയ്തതായി സഭയെ അറിയിച്ചു. എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുപ്രകാരം 2014-15 കാലഘട്ടത്തിൽ 5.98 മെട്രിക് ടണ്ണായി പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ

കുടുംബശ്രീ, സഹകരണ/സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതാണ്. ഉപയോഗക്ഷമമല്ലാത്ത പോളിഹൗസുകൾ റിപ്പയർ ചെയ്ത് കൃഷിക്കനുയോജ്യമാക്കുന്നതിനും ഇടനിലക്കാരെ ഒഴിവാക്കി ന്യായവില നൽകി കൃഷിക്കാരിൽ നിന്നും ഉല്പന്നങ്ങൾ നേരിട്ട് സംഭരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും അനലറ്റിക്കൽ ലബോറട്ടറികൾ ആരംഭിക്കുന്നതാണ്. ആധുനിക കൃഷി രീതികൾ സംബന്ധിച്ച് കൃഷി വകുപ്പിലെ 60-ഓളം ഉദ്യോഗസ്ഥർക്ക് പ്രത്യേക ട്രെയിനിംഗ് നൽകിയിട്ടുണ്ടെന്നും പുതുതലമുറയിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിനായി സ്കൂൾ പാഠ്യപദ്ധതിയിൽ കൃഷി ഉൾപ്പെടുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

16 (*122 &*137)

**<u>നെൽകൃഷി വ്യാപിപ്പിക്കുന്നതിനും വിഷപച്ചക്കറി ഒഴിവാക്കുന്നതിനുമുള്ള പദ്ധതികൾ</u>**

കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, നെൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തരിശ് പാടശേഖരങ്ങളിൽ നെൽകൃഷി

പുനരാരംഭിച്ച് മൂന്ന് ലക്ഷം ഹെക്ടറായി വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കരനെൽകൃഷി വ്യാപിപ്പിച്ച് അഞ്ച് വർഷംകൊണ്ട് ഒരു ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. കരനെൽകൃഷി ചെയ്യുന്ന കർഷകർക്ക് സൗജന്യമായി വിത്തുകളും ഹെക്ടർ ഒന്നിന് 10,000 രൂപ നിരക്കിൽ ധനസഹായവും നൽകിവരുന്നുണ്ട്. കൃഷിയോഗ്യമായ തരിശ് ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും നെൽകൃഷി വ്യാപനം ത്വരിതപ്പെടുത്തുന്നതിനായി പാഡി മിഷൻ പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സുസ്ഥിര നെൽകൃഷി വികസന പദ്ധതി; വികസന ഏജൻസികൾക്കുള്ള ധനസഹായം; പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം; പാടശേഖര സമിതികളുടെ പ്രവർത്തനച്ചെലവിനായുള്ള പദ്ധതി; കരനെൽകൃഷി വികസനം; നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ); കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ); ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി എന്നിവയിലൂടെ നെൽകർഷകർക്ക് ധനസഹായം നൽകുന്നതാണ്. നെൽകൃഷി വികസന ഏജൻസികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും കൃഷിക്കാർക്കുള്ള ആനുകൂല്യങ്ങളിൽ കാലാനുസൃതമായ വർദ്ധന വരുത്തുകയും ചെയ്യുന്നതാണ്. കർഷക കൂട്ടായ്മയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ

സ്ഥാപനങ്ങളുടെയും കുടുംബശ്രീ യൂണിറ്റുകളുടെയും സഹകരണത്തോടെ ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതാണ്. പച്ചക്കറികളിലെ വിഷാംശം കണ്ടെത്തി തടയുന്നതിന് ആധുനിക സംവിധാനം ഏർപ്പെടുത്തുന്നതാണ്. കൃഷി വകുപ്പിന്റെ കീഴിലുള്ള സീഡ് ഫാമുകളിലെ തരിശ് ഭൂമിയിൽ കൃഷി ചെയ്യുന്നതിനും ആലത്തൂർ റൈസ് മിൽ പുനഃസ്ഥാപിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

17 (*123) **ഹരിത ട്രിബ്യൂണൽ ഉത്തരവുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ**

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, പത്ത് വർഷത്തിലധികം പഴക്കമുള്ള ഡീസൽ വാഹനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ടുള്ള ഹരിത ട്രിബ്യൂണലിന്റെ വിധി പൊതുഗതാഗത സംവിധാനത്തെയും സാധാരണ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യത്തെയും പ്രതികൂലമായി ബാധിക്കുന്നതാണെന്ന് സഭയെ അറിയിച്ചു. കെ.എസ്.ആർ.ടി.സി.യും കേരള സ്വകാര്യ ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷനും ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകളുടെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതി പ്രസ്തുത വിധി സ്റ്റേ ചെയ്തിരിക്കുകയാണ്. ട്രിബ്യൂണൽ വിധിക്കെതിരെ സർക്കാർ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും സുപ്രീം

കോടതിയിൽ കേവിയറ്റ് പെറ്റീഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ ഹരിത ട്രിബ്യൂണൽ മുമ്പാകെ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഹരിത ട്രിബ്യൂണൽ വിധിക്കെതിരെ ഉചിതമായ നിലയിൽ ഇടപെടണമെന്നഭ്യർത്ഥിച്ചുകൊണ്ട് പ്രധാനമന്ത്രിക്കും കേന്ദ്ര റോഡ് ഗതാഗത വകുപ്പുമന്ത്രിക്കും കേന്ദ്ര പരിസ്ഥിതി വനം വകുപ്പുമന്ത്രിക്കും കത്തുകൾ അയച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള വാഹനങ്ങളിൽ പുക പരിശോധന നിർബന്ധമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പരിസ്ഥിതി മലിനീകരണത്തോത് കുറയ്ക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസ്സുകൾ സി.എൻ.ജി.-യിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടി ഘട്ടംഘട്ടമായി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1003 മുതൽ 1243 വരെയുള്ള ചോദ്യങ്ങളിൽ 54 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *